2026
FEBRUARY
06
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## അത്യാധുനിക CO2 ക്യാപ്ചർ സാങ്കേതികവിദ്യകളിൽ

# ഇന്തോ–ജാപ്പനീസ് പങ്കാളിത്തം

**ന്യൂഡൽഹി:** ഉയർന്ന, ഇടത്തരം താപനിലകളിൽ കാർബൺ ഡയോക്സൈഡ് (CO2) ക്യാപ്ചറിന് അത്യാധുനിക സെറാമിക് സോർബന്റുകൾ അവതരിപ്പിക്കുന്നതിനായി സ്പോൺസേർഡ് ഗവേഷണ കരാറിൽ ഒപ്പുവെച്ച് തിരുവനന്തപുരത്തെ സി.എസ്.ഐ.ആർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജിയും (CSIR-NIIST), ജപ്പാനിലെ ഐച്ചിയിലുള്ള നോറിറ്റേക്ക് കമ്പനി ലിമിറ്റഡും. ആഗോള ഡീകാർബണൈസേഷൻ വെല്ലുവിളികൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള ഇന്തോജാപ്പനീസ് ശാസ്ത്ര സഹകരണത്തിലെ സുപ്രധാന നാഴികക്കല്ലാണ് ഈ പങ്കാളിത്തം. CSIR-NIIST ഡയറക്ടർ ഡോ.സി.അനന്തരാമകൃഷ്ണനും നോറിറ്റേക്ക് കമ്പനി ലിമിറ്റഡിന്റെ ആർ ആൻഡ് ഡി സെന്ററിൽ നിന്നുള്ള എറിക്ക അയോയമയും ഡോ. ജി.എം.അനിൽകുമാറും ചേർന്ന് ധാരണാപത്രം ഔദ്യോഗികമായി കൈമാറി. CSIR-NIIST ബിസിനസ് ഡെവലപ്മെന്റ് ഡിവിഷൻ മേധാവി ഡോ.പി.നിഷി, കെമിക്കൽ സയൻസസ് ആൻഡ് ടെക്നോളജി ഡിവിഷൻ മേധാവിയും പ്രോജക്ട് ലീഡറുമായ ഡോ.യു.എസ്.ഹരീഷ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

മോറിമുറ ഗ്രൂപ്പിലെ അംഗവും അത്യാധുനിക സെറാമിക്സ്, പോർസലൈൻ നിർമ്മാണത്തിൽ ആഗോള മുൻനിരക്കാരുമായ നോറിറ്റേക്ക് കമ്പനി ലിമിറ്റഡിന്റെ വ്യാവസായിക പരിജ്ഞാനം ഈ പങ്കാളിത്തത്തിന് കരുത്തുപകരും. നിരന്തര സംയുക്ത ഗവേഷണത്തിലൂടെ വ്യവസായങ്ങളിൽ നിന്നുള്ള കാർബൺ ഡയോക്സൈഡിനെ (CO2) 300-400°C എന്ന ഉയർന്ന താപനിലയിൽ തന്നെ ആഗിരണം ചെയ്യാൻ ശേഷിയുള്ളതും സംയുക്തമായി പേറ്റന്റ് നേടിയതുമായ സെറാമിക് സോർബന്റ് ഫോർമുലേഷനുകൾ ഇരു സ്ഥാപനങ്ങളും വിജയകരമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്, ഇത് വാതകങ്ങൾ തണുപ്പിക്കേണ്ടതിന്റെ ആവശ്യകത ഇല്ലാതാക്കുന്നു. ഈ സാങ്കേതിക മുന്നേറ്റം ഊർജ്ജ ഉപഭോഗത്തിലും പ്രവർത്തന ചെലവിലും ഗണ്യമായ



കുറവു വരുത്താൻ സഹായിക്കുന്നു. ഒപ്റ്റിമൈസ്ഡ് മെറ്റീരിയൽ സിന്തസിസിലൂടെയും പ്രത്യേകമായി വികസിപ്പിച്ചെടുത്ത അഡിറ്റീവുകൾ ഉൾപ്പെടുത്തിയുമാണ് ഇത് സാധ്യമാക്കിയത്. ഇത് പ്രക്രിയയെ വളരെ ഊർജ്ജക്ഷമതയുള്ളതും വ്യാവസായികമായി പ്രായോഗികവുമാക്കുന്നു. കാർബൺ ക്യാപ്ചർ, ക്ലൈമറ്റ് മിറ്റിഗേഷൻ സാങ്കേതിക വിദ്യകൾക്കായി 20,000 കോടി രൂപയുടെ ബജറ്റ് വിഹിതം കേന്ദ്ര ഗവൺമെന്റ് അടുത്തിടെ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ പങ്കാളിത്തത്തിന് കൂടുതൽ പ്രസക്തിയുണ്ടെന്ന് ഡോ.അനന്തരാമകൃഷ്ണൻ ചൂണ്ടിക്കാട്ടി.

വിപുലമായ മെറ്റീരിയൽ ഗവേഷണങ്ങളെ പ്രായോഗിക വ്യാവസായിക പരിഹാരങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുന്നതിന് ഇത്തരം അന്താരാഷ്ട്ര സഹകരണങ്ങൾ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വ്യക്തമാക്കി. കരാർ പ്രകാരം സംയുക്ത ഗവേഷണ സംഘം അത്യാധുനിക സെറാമിക് സോർബന്റുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അവയുടെ പ്രകടനം പരിശോധിക്കുന്നതിനും കാർബൺ പുറന്തള്ളൽ കുറയ്ക്കാൻ പ്രയാസമുള്ള വ്യവസായ മേഖലകളിൽ ഇവ നടപ്പിലാക്കുന്നതിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും ഡോ. അനന്തരാമകൃഷ്ണൻ കൂട്ടിച്ചേർത്തു.

## കുട്ടികളുടെ ആരോഗ്യത്തിനായി 104 ൽ വിളിക്കാം; പദ്ധതി ഇന്ന് ലോഞ്ച് ചെയ്യും

**തിരുവനന്തപുരം:** കുട്ടികളുടെ ആരോഗ്യ വിവരങ്ങളും പദ്ധതികളും അറിയാനായി 104 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിക്കാവുന്നതാണ്. 'അക്ഷരം ആരോഗ്യം' സ്കൂൾ ആരോഗ്യ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് ഇന്ന് രാവിലെ 11 മണിക്ക് കോട്ടൺഹിൽ ഗവ. ഹയർസെക്കന്ററി സ്കൂളിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പദ്ധതി ലോഞ്ച് ചെയ്യും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കും. കുട്ടികളുടെ ആരോഗ്യത്തിനായി സംസ്ഥാനം വളരെ പ്രാധാന്യം നൽകുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. രാജ്യത്ത് ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കുള്ള സംസ്ഥാനമാണ് കേരളം. അമേരിക്കയേക്കാൾ കുറഞ്ഞ ശിശുമരണ നിരക്കാണ് കേരളത്തിലുള്ളത്. കേരളത്തിലെ ആരോഗ്യ സംവിധാനത്തിലെ മികവുൾപ്പെടെ വലിയൊരു ഘടകമാണ്.

കുട്ടികളുടെ ചികിത്സയ്ക്കായി നിരവധി പദ്ധതികളാണ് നിലവിലുള്ളത്. അവയെപ്പറ്റി രക്ഷിതാക്കൾക്ക് പല സംശയങ്ങൾ ഉണ്ട്. ഇത്തരം സംശയങ്ങൾ പരിഹരിക്കുന്നതിനും കുട്ടികളുടെ ആരോഗ്യ സംബന്ധമായ സംശയങ്ങൾ പരിഹരിക്കാനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് കുട്ടികളുടെ സൗജന്യ ഹൃദ്രോഗ ചികിത്സയ്ക്ക് ഹൃദ്യം പദ്ധതി, മജ്ജമാറ്റിവയ്ക്കൽ സർജറി, സ്കോളിയോസിസ് സർജറി തുടങ്ങിയ സങ്കീർണ ശസ്ത്രക്രിയകൾക്ക് സംസ്ഥാനത്ത് ചികിത്സാ പദ്ധതി നിലവിലുണ്ട്. കൂടാതെ ശ്രുതി തരംഗം, അപൂർവ രോഗ ചികിത്സയ്ക്ക് രാജ്യത്ത് മാതൃകയായ ചികിത്സാ പദ്ധതിയായ കെയർ തുടങ്ങിയ അനേകം പദ്ധതികളും സംസ്ഥാനത്തുണ്ട്. ഇവയെപ്പറ്റിയറിയുന്നതിന് ഈ ടോൾ ഫ്രീ നമ്പർ ഏറെ സഹായിക്കും. ആരോഗ്യ വകുപ്പിന്റെ ഹെൽപ്പ് ലൈൻ സംവിധാനമായ ദിശയുടെ ഭാഗമായാണ് പദ്ധതി ആവിഷക്കരിച്ചിട്ടുള്ളത്.

## കുട്ടികളുടെ ഫോൺ ഉപയോഗം നിയന്ത്രിക്കാൻ ബാലാവകാശ കമ്മിഷൻ മുൻകൈയെടുക്കണം

**തിരുവനന്തപുരം:** കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗം നിയമംമൂലം നിയന്ത്രിക്കാൻ ബാലാവകാശ കമ്മിഷൻ മുൻകൈയെടുക്കണമെന്ന് നിയമസഭ സ്പീക്കർ എ.എൻ.ഷംസീർ. ബാലാവകാശ കമ്മിഷന്റെ ആഭിമുഖ്യത്തിൽ ബാലസംരക്ഷണ നിയമങ്ങളെക്കുറിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ത്രിദിന കോൺക്ലേവിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പതിനാറ് വയസിന് താഴെയുള്ള കുട്ടികളുടെ സ്ക്രീൻ സമയം കുറയ്ക്കന്നതിനുള്ള ശുപാർശ കോൺക്ലേവിൽ നിന്നുണ്ടാകണം. ഗെയിം അഡിക്ഷൻ എങ്ങനെ കുറയ്ക്കാം എന്ന് പരിശോധിക്കണം. അതുപേലെ ഗുഡ് ടച്ച്, ബാഡ് ടച്ച് എന്നിവ കുട്ടികൾക്ക് ചെറുപ്പത്തിലെ പറഞ്ഞുകൊടുക്കണമെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു.

## സന്തോഷ് ട്രോഫി: കേരളം ഫൈനലിൽ



**ദിബ്രുഗഡ് (അസം):** സന്തോഷ് ട്രോഫി ഫുട്ബോളിന്റെ ആവേശകരമായ സെമി ഫൈനലിൽ കരുത്തരായ പഞ്ചാബിനെ തകർത്തെറിഞ്ഞ് കേരളം ഫൈനലിൽ. എതിരില്ലാത്ത നാല് ഗോളുകൾക്കാണ് കേരളത്തിന്റെ ആധികാരിക വിജയം. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ സർവീസസാണ് കേരളത്തിന്റെ എതിരാളികൾ.മത്സരത്തിന്റെ തുടക്കം മുതൽ പഞ്ചാബ് പ്രതിരോധത്തെ വിറപ്പിച്ച കേരളം 15ാം മിനിറ്റിൽ തന്നെ ലീഡ് നേടി. മുഹമ്മദ് അജസൽ നേടിയ തകർപ്പൻ ഹെഡറിലൂടെയാണ് കേരളം ആദ്യ വെടിപൊട്ടിച്ചത്. 34ാം മിനിറ്റിൽ കേരളം രണ്ടാം ഗോൾ നേടി. അർജുൻ എടുത്ത കോർണർ കിക്ക് ബിബിൻ അജയൻ വഴി മുഹമ്മദ് റിയാസിലേക്ക് എത്തിയപ്പോൾ മനോഹരമായ ഒരു ടാപ്ഇൻ ഗോളിലൂടെ കേരളം ലീഡ് ഉയർത്തി. ആദ്യ പകുതി അവസാനിക്കാൻ നിമിഷങ്ങൾ ബാക്കി നിൽക്കെ വിഘ്നേഷ് എം മൂന്നാം ഗോളും നേടി കേരളത്തിന്റെ വിജയം ഏകദേശം ഉറപ്പിച്ചു. ബോക്സിന് പുറത്തുനിന്ന് പന്തുമായി കുതിച്ച വിഘ്നേഷ്, പ്രതിരോധ നിരയെ വെട്ടിച്ച് ബോക്സിനുള്ളിലേക്ക് കയറി ഉതിർത്ത ലോ ഷോട്ട് പഞ്ചാബ് ഗോൾകീപ്പറെ കീഴടക്കി വലയിലെത്തി.

രണ്ടാം പകുതിയിൽ തിരിച്ചടിക്കാൻ പഞ്ചാബ് ശ്രമിച്ചെങ്കിലും കേരളത്തിന്റെ പ്രതിരോധം പാറപോലെ ഉറച്ചുനിന്നു. ഇതിനിടെ കേരളത്തിന്റെ മുന്നേറ്റ താരം സജീഷിനെ അപകടകരമായ രീതിയിൽ ഫൗൾ ചെയ്തതിന് പഞ്ചാബ് താരം ഹർജിത് ചുവപ്പ് കാർഡ് കണ്ട് പുറത്തായി. പത്തുപേരുമായി ചുരുങ്ങിയ പഞ്ചാബിനെതിരെ 83ാം മിനിറ്റിൽ റിയാസ് തന്റെ രണ്ടാം ഗോളും കേരളത്തിന്റെ നാലാം ഗോളും നേടി വിജയം പൂർത്തിയാക്കി.തുടർച്ചയായ രണ്ടാം തവണയാണ് കേരളം സന്തോഷ് ട്രോഫി ഫൈനലിൽ കടക്കുന്നത്. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ സർവീസസിനെ തോൽപ്പിച്ച് കിരീടം തിരിച്ചുപിടിക്കാമെന്ന ഉറച്ച വിശ്വാസത്തിലാണ് കേരള നിര.



## ഇന്നത്തെ പരിപാടി

### കൊച്ചി

- **മഹാരാജാസ് കോളേജ് : 150-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാപ്രദർശനം –** രാവിലെ 10ന്.

- **തേവര എസ് എച്ച് കോളേജ് :** ഡിസൈൻ ഫെസ്റ്റിവൽ 2026 – രാവിലെ 10ന്.

- **കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷനൽ സ്റ്റേഡിയം ഗ്രൗണ്ട് :** വനിത ഉത്സവ് 2026 – ഉച്ചയ്ക്ക് ഒരു മണിമുതൽ

- **എറണാകുളം ഗോകുലം കൺവൻഷൻ സെന്റർ :** കെ ഫോഗ് സംസ്ഥാന സമ്മേളനം – രാവിലെ 9ന്.

- **കലൂർ ഐഎംഎസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്** – സ്കിൽവേഴ്സിറ്റി : എക്സൽ ഇൻ വർക്ക്ഷോപ്പ് – ഉച്ചയ്ക്ക് 2ന്.

### കോതമംഗലം

- **മലയിൻകീഴ് ബൈപാസ് ഗ്രൗണ്ട് : കോതമംഗലം കാർഷികോത്സവം –** രാവിലെ 9 മണി മുതൽ.

- **നേര്യമംഗലം :** എൽ ഡി എഫ് വികസന മുന്നേറ്റ ജാഥയുടെ ഭാഗമായുള്ള കോതമംഗലം മണ്ഡലം തല പ്രചരണ ജാഥ ആദ്യ ദിന ഉദ്ഘാടനം – രാവിലെ 9 ന്.

### അങ്കമാലി

- **ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനിയറിങ് :** ദേശിയ ടെക്നോ കൾച്ചറൽ ഫെസ്റ്റ് 'ബ്രഹ്മ 2026' – രാവിലെ 9.30 ന്.

- **കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ :** സംസ്ഥാന തല ടെക്നോ-കൾച്ചറൽ ഫെസ്റ്റ് – തരംഗ് 2026 – ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു – രാവിലെ 10ന്

- **സ്കൂൾ സ്കൂൾ മഞ്ഞപ്ര കരിങ്ങാലിക്കാട് സെന്റ് സെബാസ്റ്റ്യൻസ് കുരിശുപള്ളി:** തിരുന്നാൾ – രാവിലെ 6ന്.

# മൂന്നര ലക്ഷത്തോളം വനിതകൾക്ക് തൊഴിൽ നൽകി



**തിരുവനന്തപുരം:** ഈ നാലര വർഷത്തിനുള്ളിൽ വനിത വികസന കോർപറേഷൻ വഴി മൂന്നര ലക്ഷത്തോളം വനിതകൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിൽ നൽകിയതായി ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. ജീവിതത്തിൽ പ്രതിസന്ധി വരുമ്പോൾ തളർന്ന് പോകേണ്ടതില്ല. ആരും ഒറ്റയ്ക്കാണെന്ന ചിന്തവേണ്ട സന്തോഷത്തോടെ, ആത്മവിശ്വാസത്തോടെ, ആത്മാഭിമാനത്തോടെ ജീവിക്കാൻ കഴിയും. അതിനെതിരെ നിൽക്കുന്ന വ്യക്തികളെ ഒന്നിച്ച് ചെറുത്ത് തോൽപ്പിക്കാമെന്നും മന്ത്രി വ്യക്തമാക്കി. എസ്കലേറാ ദി വിമെൻ ഫെസ്റ്റ് 2026 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. വനിതകളുടെ ഉത്സവമാണ് എസ്കലേറ വനിതോത്സവം.

രണ്ട് വർഷമായി വലിയ ജനപങ്കാളിത്തത്തോടെ എസ്കലേറ നടത്തുന്നുണ്ട്. വനിതകൾക്ക് സംരംഭങ്ങൾ തുടങ്ങാൻ വനിത വികസന കോർപറേഷൻ ഒപ്പം ഉണ്ട്. ലോൺ നൽകുക മാത്രമല്ല കൺസൾട്ടൻസി സേവനം ഉൾപ്പെടെ നൽകുന്നുണ്ട്. ഇത്തരത്തിൽ സംരംഭത്തിലേക്ക് വന്ന കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള വനിതകളുടെ കൂട്ടായ്മ കൂടിയാണിത്. മറ്റുള്ളവർക്ക് പ്രചോദനമാകാൻ കൂടിയാണ് ഈ മേള സംഘടിപ്പിക്കുന്നത്. ഈ കാലഘട്ടത്തിൽ വനിതകളുടേയും കുട്ടികളുടേയും ക്ഷേമവും ശാക്തീകരണവും ഉറപ്പാക്കാൻ വനിത ശിശു വികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ വൈഫർക്കേഷൻ നടത്തി. ജെൻഡർ ബജറ്റ് അവതരിപ്പിച്ചു. സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യത്തിൽ മികച്ച മുന്നേറ്റമാണ് കേരളം നടത്തിയത്.

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായും വലിയ പരിശ്രമം നടത്തിയതായി മന്ത്രി വ്യക്തമാക്കി.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു സമ്മാനദാനം നിർവഹിച്ചു. വനിത ശിശു വികസന വകുപ്പിന്റെ ശിശുവികസന മേഖലയുടെ ഐസിഡിഎസ് അവാർഡ് വിതരണം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

ചടങ്ങിനോടനുബന്ധിച്ച് വനിത ശിശു വികസന രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വച്ച തൃശൂർ, വയനാട് ജില്ലാ ഭരണകൂടങ്ങൾക്കുള്ള പുരസ്കാരം, ഐ.സി.ഡി.എസ് പദ്ധതി പ്രവർത്തനത്തിൽ മികവ് പുലർത്തിയവർക്കായുള്ള സംസ്ഥാനതല അവാർഡുകൾ എന്നിവയും വിതരണം ചെയ്തു. വി.കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ വനിത കമ്മീഷൻ അധ്യക്ഷ പി സതീദേവി, വനിത ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ, മുൻ ഐപിഎസ് ഓഫീസർ ബി സന്ധ്യ തുടങ്ങിയവർ സംസാരിച്ചു.

## ശബരിമല സ്വർണ്ണക്കൊള്ള: സി.ബി.ഐ അന്വേഷണം വേണം



**കൊച്ചി:** ശബരിമല സ്വർണ്ണക്കൊള്ള സംബന്ധിച്ച അന്വേഷണം സി.ബി.ഐയ്ക്ക് വിടാൻ മുഖ്യമന്ത്രി പിണറായി വിജയൻ ആർജവം കാണിക്കണമെന്ന് ബി.ജി.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്ര ശേഖറും ക്ഷേത്രങ്ങളുടെയും, പള്ളികളുടെ ഭരണം രാഷ്ട്രീയ മുക്തമാക്കണമെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം. ജേക്കബും ആവശ്യപ്പെട്ടു. എറണാകുളം പ്രസ്സ് ക്ലബ്ബ് സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ സംസാരിക്കുകയായിരുന്നു ഇരു നേതാക്കളും. അടുത്ത തിരഞ്ഞെടുപ്പിൽ എൻ.ഡി.എ അധികാരത്തിലെത്തിയാൽ കഴിഞ്ഞ 70 വർഷംകൊണ്ട് കേരളം കൈവരിച്ച വളർച്ചയുടെ ഇരട്ടി വളർച്ച സാധ്യമാക്കുമെന്നും കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുമെന്നും നേതാക്കൾ പറഞ്ഞു.

ഇരുപത്തി അഞ്ച് വർഷം മുമ്പ് പ്രഖ്യാപിച്ച ശബരി റെയിൽപാതയ്ക്ക് വേണ്ടി പത്ത് വർഷം തുടർച്ചയായി ഭരിച്ചിട്ട് ഒന്നും ചെയ്യാത്ത പിണറായി സർക്കാർ കേവലം ഒരുമാസം മാത്രം ഭരണം ബാക്കിയുള്ളപ്പോൾ മുവായിരം കോടി അനുവദിക്കുമെന്ന് പറയുന്നത് തന്നെ ശുദ്ധ തട്ടിപ്പും, തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള രീഷ്ട്രീയ മുതലെടുപ്പുമാണെന്ന് നേതാക്കൾ പറഞ്ഞു. റവന്യൂ വരുമാനത്തിന്റെ 92 ശതമാനവും പലിശയും, ശമ്പളവും, ക്ഷേമ പെൻഷനും കൊടുക്കാൻ വേണ്ടി ഉപയോഗിക്കുന്ന സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്താൻ വേണ്ടുന്ന പണം ലഭ്യമല്ല. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിന് ഗുണപ്രദമായ ഒട്ടേറെ കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിനും തമിഴ്നാടിനും 2017 ൽ ഒരുമിച്ചാണ് എയ്മ്സ് അനുവദിച്ചത്. തമിഴ്നാട്ടിൽ എയ്മ്സ് പ്രവർത്തനം തുടങ്ങി. കേരളത്തിൽ ഇതുവരെയും സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടില്ല. മുഖ്യമന്ത്രി പലവട്ടം ഡൽഹിയിൽ പോയിട്ടുണ്ടെങ്കിലും സംസ്ഥാന താൽപര്യം മുൻനിറുത്തിയുള്ള യാതൊരു പദ്ധതികളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. അങ്കമാലി മുതൽ കുണ്ടന്നൂർ വരെ പ്രഖ്യാപിച്ച ബൈപാസിന് അനുവദിച്ച തുകയും ഭൂമി ഏറ്റെടുത്ത് നടത്താത്തതിനാൽ നഷ്ടപ്പെട്ടെന്നും മുഖാമുഖം പരിപാടിയിൽ നേതാക്കൾ കുറ്റപ്പെടുത്തി. എറണാകുളം പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് ആർ.ഗോപകുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം. ഷജിൽ കുമാർ സ്വാഗതം പറഞ്ഞു.

## ക്ലിന്റ് സ്മാരക സംസ്ഥാന ബാലചിത്ര രചനാ മത്സരം നടന്നു



ക്ലിന്റിന്റെ മാതാവ് ചിന്നമ്മ ക്ലിന്റിന്റെ പേരിൽ പുറത്തിറങ്ങി സിനിമയിൽ ക്ലിന്റിന്റെ വേഷമിട്ട മാസ്റ്റർ അലോക്, സംസ്ഥാന ശിശുക്ഷേമ സമിതി വൈസ് പ്രസിഡന്റ് പി. സുമേശൻ അധ്യക്ഷത വഹിച്ചു. സമിതി ജനറൽ സെക്രട്ടറി അഡ്വ ജി.എൽ. അരുൺ ഗോപി, സമിതി ഭാരവാഹികളായ മീരാദർശക്, കെ. ജയപാൽ, എം.കെ. പശുപതി, ഒ.എം. ബാലകൃഷ്ണൻ, എറണാകുളം ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അഡ്വ.സുനിൽ ഹരീന്ദ്രൻ, കൊച്ചി നഗരസഭാംഗം കെ.പി.പി കൃഷ്ണ കുമാർ ചിത്രകാരൻ സുനിൽ ലിനസ് ഡെ എന്നിവർ സംബന്ധിച്ചു.

**കൊച്ചി:** ശിശുക്ഷേമ സമിതിയുടെ നേതൃത്വത്തിൽ എറണാകുളത്ത് ചിൻഡ്രൻസ് പാർക്കിൽ സംഘടിപ്പിച്ച ക്ലിന്റ് സ്മാരക സംസ്ഥാന ബാലചിത്ര രചനാ മത്സരത്തിൽ എൽ.പി വിഭാഗത്തിൽ പാർവണ പ്രവീൺ (ആലപ്പുഴ) ശ്രീനോയ് (പാലക്കാട്) എന്നിവർ ഒന്നാം സ്ഥാനവും അദവ്യ ശ്രീജിത്ത് (കണ്ണൂർ) രണ്ടാം സ്ഥാനം, പത്മശ്രീ ശിവകുമാർ (ആലപ്പുഴ) മൂന്നാം സമ്മാനവും നേടി. യു.പി.വിഭാഗത്തിൽ ശിവദ. കെ (കണ്ണൂർ) ഒന്നാം സ്ഥാനവും അവന്തിക പി.നായർ (ആലപ്പുഴ) നവനീത് കൃഷ്ണ. എസ് (പത്തനംതിട്ട ) എന്നിവർ രണ്ടാം സ്ഥാനവും, പാർത്ഥവി. ആർ (കോഴിക്കോട്) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ കൃതീഷ് (തൃശൂർ) ഒന്നാം സ്ഥാനവും, ശ്രീതു ദത്ത് (കൊല്ലം) രണ്ടാം സ്ഥാനവും. നമീത എസ്.യു (എറണാകുളം) ശ്രീഹരി പി.ആർ കണ്ണൂർ എന്നിവർ മൂന്നാം സ്ഥാനവും നേടി. ഹയർ സെക്കൻഡറി വിഭാഗത്തിൽ ഹർഷ പ്രമോദ് (കണ്ണൂർ),മാനസ മീര (ആലപ്പുഴ) എന്നിവർ ഒന്നാം സ്ഥാനം നേടിയപ്പോൾ അലീന എ.പി ( തിരുവനന്തപുരം) അനന്യ എസ് സുഭാഷ് (കൊല്ലം) ഇവർക്ക് രണ്ടാം സ്ഥാനവും മുഹമ്മദ് റാഹീൽ (കണ്ണൂർ) അഭിനവ് കെ എം (തൃശൂർ) എന്നിവർ മൂന്നാം സമ്മാനവുംനേടി. ചലച്ചിത്രതാരം ഹരിശ്രീ അശോകൻ മത്സരം ഉദ്ഘാടനം ചെയ്തു.

## പേഴയ്ക്കാപ്പിള്ളി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ; അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കും

**കൊച്ചി:** ആയിരത്തോളം കുട്ടികൾ പഠിക്കുന്ന പേഴയ്ക്കാപ്പിള്ളി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ വിദ്യാലയത്തിൽ സന്ദർശനം നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പർ മാത്യൂസ് വർക്കി സ്കൂളിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി സ്കൂൾ പി.ടി.എ, അധ്യാപകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ച് തയ്യാറാക്കിയ സ്കൂൾ വികസന പദ്ധതി വിലയിരുത്തുന്നതിനായാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സന്ദർശനം നടത്തിയത്.

സ്കൂളിൽ നടന്നു കൊണ്ടിരിക്കുന്ന നിർമാണ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ട പദ്ധതികളും വിശദമായി പരിശോധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. സ്കൂളിൽ നടന്ന വികസന സമിതി യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. മെമ്പർ മാത്യൂസ് വർക്കി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നെജി ഷാനവാസ് മുഖ്യപ്രഭാഷണം നടത്തി. പി.ടി.എ പ്രസിഡന്റ് ഫൈസൽ മുണ്ടാമറ്റം, സ്കൂൾ പ്രിൻസിപ്പാൾ ടി.ബി. സന്തോഷ്, ഹെഡ്മിസ്ട്രസ് എ സഫീന എന്നിവർ സംസാരിച്ചു.

## ഓഫീസ് അസിസ്റ്റന്റ് ഒഴിവ്

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ എറണാകുളത്തുള്ള ഓഫീസിലേക്ക് ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. അക്കൗണ്ട്സ്, ടൈപ്പിംഗ്, ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കേണ്ട തസ്തികയിലേക്ക് ബി.കോം ബിരുദമാണ് അടിസ്ഥാന യോഗ്യത. മലയാളം, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ്, കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് എന്നിവയ്ക്കൊപ്പം ജി.എസ്.ടി, ഇൻകം ടാക്സ്, ടാലി, ഇടെൻഡർ നടപടികൾ എന്നിവയിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ലഭിക്കും. ഉദ്യോഗാർത്ഥികൾ പ്രായം, വിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഫെബ്രുവരി 13ന് മുമ്പായി നേരിട്ടോ, തപാൽ വഴിയോ, membersecretary14@gmail.com എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷിക്കാവുന്നതാണ്.

വിലാസം മെമ്പർ സെക്രട്ടറി/ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്, MFHMS മുനമ്പം, ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് (സെൻട്രൽ സോൺ) ഓഫീസ്, ഡോ. സലിം അലി റോഡ്, ഹൈക്കോടതിക്ക് പിന്നിൽ, എറണാകുളം, പിൻ: 682018.
ഫോൺ : 0484-2397370

ഷൂട്ട് @സൈറ്റ്



**പ്രാക്കുളി..........** എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിലെ മൈതാനം നനയ്ക്കുന്ന വെള്ളത്തിൽ ചൂടിനെ നിയന്ത്രിക്കാൻ കുളിക്കുന്ന പ്രാവ്

ഫോട്ടോ- എ. എസ് സതീഷ്

# ബാംഗ്ലൂരിലേക്കുള്ള ബസ് യാത്ര തടസ്സപ്പെട്ടു, ട്രാവൽസ് ഉടമ നഷ്ടപരിഹാരം നൽകണം

**കൊച്ചി:** ബസ് യാത്രയ്ക്കിടെയുണ്ടായ തുടർച്ചയായ തകരാറുകളും  അനാസ്ഥയും മൂലം ഉദ്യോഗാർത്ഥിക്ക് നേരിടേി വന്ന ദുരനുഭവത്തിൽ ട്രാവൽസ് ഉടമ നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ. കാക്കനാട് സ്വദേശികളായ അനിൽ ബേബി, ഭാര്യ സ്നേഹ റോസ് കുര്യൻ എന്നിവർ  ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ട്രാവൽസിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. 2023 മെയ് 20ന് ബംഗളൂരുവിൽ നടക്കുന്ന പരീക്ഷയിൽ പങ്കെടുക്കാനായി പരാതിക്കാർ ട്രാവൽസിൽ ടിക്കറ്റ് ബുക്ക് ചെയ്തിരുന്നു. എന്നാൽ യാത്രയ്ക്കിടെ പാലക്കാട് വെച്ച് ബസിന്റെ ടയർ പഞ്ചറായതും, വാളയാർ ചെക്ക് പോസ്റ്റിൽ നികുതി കുടിശ്ശിക കാരണം ബസ് തടഞ്ഞതും, തുടർന്നുായ യന്ത്രത്തകരാറുകളും കാരണം യാത്ര തടസ്സപ്പെട്ടു.

കൃത്യസമയത്ത് പരീക്ഷാ ഹാളിലെത്താൻ ദമ്പതികൾക്ക് കോയമ്പത്തൂരിൽ നിന്ന് 14,000 രൂപ നൽകി ടാക്സി വിളിക്കേണ്ടി വന്നു.  ട്രാവൽ ഉടമയുടെ ഭാഗത്തൊന്നും ഉണ്ടായ ഗുരുതരമായ വീഴ്ചയ്ക്ക് നഷ്ടപരിഹാരം തേടിയാണ് ഉപഭോക്താക്കൾ കമ്മീഷനെ സമീപിച്ചത്. യാത്രക്കാർക്ക് സുരക്ഷിതവും പ്രവർത്തനക്ഷമവുമായ വാഹനം ഉറപ്പാക്കേണ്ടത് ഒരു  സേവനദാതാവിന്റെ പ്രാഥമിക കടമയാണ്. ടയർ മാറ്റാനുള്ള ഉപകരണങ്ങൾ പോലുമില്ലാതെ സർവീസ് നടത്തിയത് സേവനത്തിലെ വീഴ്ചയായി കമ്മീഷൻ വിലയിരുത്തി.

കൂടാതെ, റോഡ് നികുതി അടയ്ക്കാത്തതും വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താത്തതും നിയമപരമായ അനാസ്ഥയാണെന്ന് ഡിബി ബിനു അധ്യക്ഷനും വി രാമചന്ദ്രൻ, ശ്രീവിദ്യ എന്നിവർ അംഗങ്ങളായ ബെഞ്ച് നിരീക്ഷിച്ചു. ടിക്കറ്റിനായി ചെവാക്കിയ 3,174 രൂപയും, അടിയന്തര യാത്രയ്ക്ക് ചെ ലവായ 14,000 രൂപയും ഉൾപ്പെടെ 17,174/ രൂപ തിരികെ നൽകണം.
കൂടാതെ, ദമ്പതികൾക്കുണ്ടായ മാനസിക വിഷമത്തിനും ബുദ്ധിമുട്ടുകൾക്കും കോടതി ചെലവിനും 30,000 രൂപ നഷ്ടപരിഹാരവും 45 ദിവസത്തിനകം നൽകാൻ എതിർകക്ഷികൾക്ക്  ഉത്തരവ് നൽകി.

# റീലുകളുടെ കാലഘട്ടത്തിൽ പുതുതലമുറയെ ആകർഷിക്കാൻ ചെറുകഥകൾ അനുയോജ്യം

**കൊച്ചി:** സമകാലിക മലയാള ചെറുകഥകളിലെ നവീനമായ ശൈലികളെയും പ്രമേയങ്ങളെയും ചർച്ച ചെയ്യുന്നതിനായി കൊച്ചി ബിനാലെ ഫൗഷേൻ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ സാഹിത്യ സമ്മേളനം 'ചെറുകഥകൾ, നീളുന്ന നിഴലുകൾ: സമകാലിക മലയാള ശബ്ദങ്ങൾ'  ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ പവലിയനിൽ ആരംഭിച്ചു. എഴുത്തുകാർ, ചിന്തകർ, സാംസ്കാരിക പ്രവർത്തകർ എന്നിവരെ കോർത്തിണക്കി മലയാള ചെറുകഥയുടെ പരിണാമത്തെയും മാറുന്ന രൂപങ്ങളെയും കുറിച്ചുള്ള ഗൗരവമായ ചർച്ചകൾക്കാണ് സമ്മേളനം വേദിയാകുന്നത്. എഴുത്തുകാരൻ എൻ.എസ്. മാധവൻ സെമിനാർ  ഉദ്ഘാടനം ചെയ്തു.

പരമ്പരാഗതമായ രീതിയിലല്ല  ഇന്ന് കഥകൾ പലപ്പോഴും അവസാനിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു കഥയുടെ തുടക്കത്തിലുള്ള കഥാപാത്രത്തിന്റെ അവസ്ഥയാവില്ല കഥ അവസാനിക്കുമ്പോൾ ഉണ്ടാവുകയെന്നും, ഈ മാറ്റമാണ് ആഗോളതലത്തിൽ തന്നെ  ചെറുകഥയുടെ മുഖമുദ്രയായി ഇന്ന് കണക്കാക്കപ്പെടുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എഴുത്തുകാരൻ പോൾ സക്കറിയയും വി. എസ്. അജിത്തും തമ്മിൽ നടന്ന സംവാദം സാംസ്കാരിക സ്വത്വം, സാങ്കേതിക വിദ്യ, തലമുറ തുടങ്ങിയ വിഷയങ്ങളിൽ അധിഷ്ഠിതമായിരുന്നു. ഇന്നത്തെ തലമുറയിലെ കുട്ടികൾ മുൻതലമുറയെക്കാൾ സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നതിൽ അസാമാന്യ ബുദ്ധിശക്തി പ്രകടിപ്പിക്കുന്നുന്നെ്  സക്കറിയ ചൂണ്ടിക്കാട്ടി. പുതിയ കാര്യങ്ങൾ പഠിക്കാൻ മുൻതലമുറ മടികാണിക്കുമ്പോൾ ഡിജിറ്റൽ യുഗത്തിലെ സങ്കീർണ്ണതകളെ അനായാസം മറികടക്കാൻ ഇന്നത്തെ യുവത്വത്തിന് സാധിക്കുന്നു. ലോകം മുഴുവൻ അവരുടെ വിരൽത്തുമ്പിലാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ വർഗീയ ശക്തികളുടെ സ്വാധീനത്തിൽ അകപ്പെടാതിരിക്കാൻ സമൂഹം ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. അശ്വതി ഗോപാലകൃഷ്ണൻ മോഡറേറ്ററായ പാനൽ ചർച്ചയിൽ ഹരിത സാവിത്രി, ഷാഹിന കെ. റഫീഖ്, ഫ്രാൻസിസ് നൊറോണ, എസ്. ഹരീഷ്, ബോണി തോമസ് തുടങ്ങിയവർ പങ്കെടുത്തു.

അതിവേഗ സാങ്കേതിക വിദ്യയുടെയും സോഷ്യൽ മീഡിയ റീലുകളുടെയും കാലത്ത് വായനക്കാർക്ക് ദൈർഘ്യമുള്ള നോവലുകൾ വായിക്കാൻ സമയക്കുറവുണ്ടെന്നും അതിനാൽ സമകാലിക പ്രശ്നങ്ങൾ ആശയവിനിമയം നടത്താൻ ഏറ്റവും അനുയോജ്യമായ മാധ്യമം ചെറുകഥയാണെന്നും ഹരിത സാവിത്രി അഭിപ്രായപ്പെട്ടു. സ്വന്തം രചനകളെ സഹായിക്കുന്ന വായനകൾക്ക് മാത്രമാണ് താൻ ഇപ്പോൾ മുൻഗണന നൽകുന്നതെന്ന് ഫ്രാൻസിസ് നൊറോണ വ്യക്തമാക്കി.  സ്വന്തം ആഖ്യാനശൈലി സംരക്ഷിക്കാൻ ഏറെ ശ്രദ്ധിക്കാറുണ്ട്. ജീവിതാനുഭവങ്ങൾ പലപ്പോഴും അറിയാതെ തന്നെ കഥകളായി മാറുന്നതിനെക്കുറിച്ച് ബോണി തോമസും ഡിജിറ്റൽവത്കരണം കൊണ്ടുണ്ടായ ശ്രദ്ധക്കുറവ് വായനയെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് ഷാഹിന കെ. റഫീഖും സംസാരിച്ചു.

# കെൽട്രോൺ മീഡിയ കോഴ്സുകൾ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, 2026 അധ്യയന വർഷത്തെ വിവിധ മാധ്യമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജേണലിസം മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വരെയുള്ള വൈവിധ്യമാർന്ന വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്. പ്രിന്റ് മീഡിയ, ടെലിവിഷൻ ജേണലിസം, ഡിജിറ്റൽ മീഡിയ, വാർത്താ അവതരണം, ആങ്കറിങ്, പബ്ലിക് റിലേഷൻസ്, അഡ്വർടൈസിംഗ്, എഐ അധിഷ്ഠിത കന്റ് നിർമ്മാണം, വീഡിയോ ക്യാമറ പരിശീലനം, വീഡിയോ എഡിറ്റിംഗ് തുടങ്ങിയ മേഖലകളിൽ സമഗ്രമായ പരിശീലനം കോഴ്സിന്റെ ഭാഗമായി ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്കും  പ്ലസ് ടു പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാം. തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ കെൽട്രോൺ നോളഡ്ജ് സെന്ററുകളിലാണ് പരിശീലനം നടക്കുക. ഫെബ്രുവരി 13 വരെ അപേക്ഷകൾ സമർപ്പിക്കാം.

# ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മത്സ്യഫെഡ് എറണാകുളം നെറ്റ് ഫാക്ടറിയിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന മൂന്ന് ഷിഫ്റ്റുകളിലേക്ക് സെക്യൂരിറ്റി സർവീസ് ലഭ്യമാക്കുന്നതിലേക്ക് അംഗീകൃത സർവീസ് ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ഫെബ്രുവരി 13 വരെ ക്വട്ടേഷൻ സമർപ്പിക്കാം.

# സംസ്കൃത സർവകലാശാലയിൽ ഇംഗ്ലീഷ് പരിശീലനം

**കൊച്ചി:**  കാലടി സംസ്കൃത സർവ്വകലാശാല എംപ്ലോയ്മെന്റ് ബ്യൂറോയുടെ നേതൃത്വത്തിൽ ഒരു മാസത്തെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം സംഘടിപ്പിക്കുന്നു. കാലടി മുഖ്യ കാമ്പസിൽ നടത്തുന്ന പരിപാടി ഫെബ്രുവരി 11 ന് ആരംഭിക്കും. താൽപ്പര്യമുള്ളവർ ഫെബ്രുവരി 9ന് മുൻപായി 0484 2464498, 9497182526 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേതാണ്.

# തീയതി നീട്ടി

**കൊച്ചി:** ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി, പി എം വൈ എ എസ് എ എസ് വി ഐ  പ്രീമെട്രിക് സ്കോളർഷിപ്പ് ഫോർ ഒ.ബി.സി/ഈ.ബി.സി & ഡി.എൻ.ടി പദ്ധതിയുടെ 2025 26 അദ്ധ്യയന വർഷത്തെ ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്നതിനുള്ള അവസാന തീയതി  ഫെബ്രുവരി 10 വരെ നീട്ടി.  ഫോൺ : 0484 2983130.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**  എറണാകുളം ജില്ലാ ആലുവ താലൂക്ക് റേഷൻ കട നമ്പർ 1736204ൽ സ്ഥിരലൈസൻസിയെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ജനറൽ വിഭാഗത്തിലുള്ളവരിൽ നിന്നാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അനുബന്ധ രേഖകൾ സഹിതം മാർച്ച് 3, ഉച്ച കഴിഞ്ഞ് 3 നുള്ളിൽ നേരിട്ടോ തപാൽ മുഖേനയോ എറണാകുളം ജില്ലാ സപ്ലൈകോ ഓഫീസിൽ ഹാജരാകേണ്ടതാണ് .

# ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനം

**കൊച്ചി:** സംസ്ഥാനത്ത് കഴിഞ്ഞ പത്തുവർഷമായി നടപ്പാക്കിയ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളെ മുൻനിർത്തി ഹരിത കേരളം മിഷൻ സംഘടിപ്പിക്കുന്ന ദേശീയ പരിസ്ഥിതി സമ്മേളനം ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരം കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കും. ഫെബ്രുവരി 23ന് ഉച്ചയ്ക്ക് സംസ്ഥാനത്ത് കഴിഞ്ഞ പത്തുവർഷമായി നടപ്പാക്കിയ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളെ മുൻനിർത്തി ഹരിത കേരളം മിഷൻ സംഘടിപ്പിക്കുന്ന ദേശീയ പരിസ്ഥിതി സമ്മേളനം ഫെബ്രുവരി 23 മുതൽ 25 വരെ തിരുവനന്തപുരം കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കും.

ഫെബ്രുവരി 23ന് ഉച്ചയ്ക്ക്  ന്  മുഖ്യമന്ത്രി പിണറായി വിജയൻ  ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ ശുചിത്വം, മാലിന്യ സംസ്കരണം, ജലസുരക്ഷ, കാലാവസ്ഥാ വ്യതിയാനം, മനുഷ്യവന്യമൃഗ സംഘർഷം തുടങ്ങിയ വിവിധ വിഷയങ്ങളിൽ 18 സെഷനുകളിലായി 73 പ്രബന്ധങ്ങൾ അവതരിപ്പിക്കും. സമ്മേളനത്തോടനുബന്ധിച്ച് അറുപതിലധികം സ്റ്റാളുകൾ ഉൾപ്പെടുത്തിയിട്ടുള്ള പരിസ്ഥിതി പുനസ്ഥാപന പ്രദർശനവും ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കും. ദേശീയ തലത്തിലെ വിദഗ്ധർ പങ്കെടുക്കുന്ന സമ്മേളനത്തിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ക്രോഡീകരിച്ച് ഭാവിപ്രവർത്തനങ്ങൾക്കുള്ള ശുപാർശകൾ സർക്കാരിന് സമർപ്പിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഫ്ളിപ്കാർട്ട് കേരള സർക്കാരുമായി കൈകോർക്കുന്നു

**കൊച്ചി :** ഇന്ത്യയിലെ ആഭ്യന്തര ഇ-കൊമേഴ്സ് വിപണിയായ ഫ്ളിപ്കാർട്ട്, കേരള ആർട്സ് ആന്റ് ക്രാഫ്റ്റ്സ് വില്ലേജും വനിത ശിശുവികസനവകുപ്പും സഹകരിച്ച് ഫ്ളിപ്കാർട്ട് സമർത്ത് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ശിൽപ്പശാലകൾ സംഘടിപ്പിച്ചു. ആറന്മുള കണ്ണാടി, നെറ്റൂർ ക്രാഫ്റ്റ്, മ്യൂറൽ ആർട്ട് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന 100ത്തിലധികം കരകൗശലവിദഗ്ധരെ സർക്കാർ പിന്തുണയുള്ള എംപോറിയമായി ഫ്ളിപ്കാർട്ട് പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി. മറ്റൊരു സെഷനിൽ വസ്ത്രക്രാഫ്റ്റ് മേഖലകളിലെ 160ത്തിലധികം വനിതാ സംരംഭകർ പങ്കെടുത്തു, ഡിജിറ്റൽ ഉൾക്കൊള്ളലും സ്ഥിരതയുള്ള ഉപജീവനമാർഗങ്ങളും ശക്തിപ്പെടുത്തുകയായിരുന്നു ഉദ്ദേശ്യം.

# ബ്രിട്ടാനിയ ട്രീറ്റ് ക്രീം സ്പെഷ്യൽ എഡിഷൻ പായ്ക്കുകൾ പുറത്തിറക്കി

**കൊച്ചി:** ബ്രിട്ടാനിയ ട്രീറ്റ് ക്രീം വേഫേഴ്സ് ആഗോള ആനിമേഷൻ ഐക്കണായ നരുട്ടോയ്ക്കായി സോണി യേ യുമായി സഹകരിച്ച് പ്രത്യേക സ്പെഷ്യൽ എഡിഷൻ പായ്ക്കുകൾ പുറത്തിറക്കി. സ്പെഷ്യൽ എഡിഷൻ നരുട്ടോ പായ്ക്കുകൾ ഇപ്പോൾ രാജ്യത്തുടനീളമുള്ള റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്. ഇതിന്റെ ഭാഗമായി ബ്രിട്ടാനിയ #Treat It Jutsu It Win It എന്ന പേരിൽ ക്യാംപെയ്നും ആരംഭിച്ചു. ആനിമേഷൻ ആരാധകർക്കായി രൂപകൽപ്പന ചെയ്ത ഒരു സംവേദനാത്മക ഡിജിറ്റൽ അനുഭവവും ക്യാംപെയ്നിൽ ഉൾപ്പെടുന്നുവെന്ന് സോണി യേയിലെ മാർക്കറ്റിങ്, ഒഎപി, ലൈസൻസിങ് ആന്റ് മെർച്ചൻ ഡൈസിങ് മേധാവി സുജോയ് റോയ് ബർദൻ പറഞ്ഞു.

# ബോണ്ട് വിൽപ്പന: മുത്തൂറ്റ് ഫിനാൻസ് 5500 കോടി രൂപ സമാഹരിച്ചു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്വർണ്ണ പണയ ബാങ്കിതര ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് ഫിനാൻസ് രാജ്യാന്തര കടപ്പത്ര വിപണിയിൽ നിന്നും 5500 കോടി രൂപയുടെ (600 ദശലക്ഷം ഡോളർ) ധസമാഹരണം നടത്തി. ഇന്ത്യയിലെ സ്വകാര്യ മേഖലാ എൻബിഎഫ്സികൾ കൈവരിക്കുന്ന ഏറ്റവും ഉയർന്ന ധനസമാഹരണമാണിത്. റിസർവ് ബാങ്കിന്റെ വിദേശ വാണിജ്യ വായ്പ നിബന്ധനകൾക്ക് വിധേയമായി നാല് ബില്യൺ ഡോളർ ആഗോള ഇടക്കാല ടേം നോട്ട് പദ്ധതിക്കു കീഴിലുള്ള സീനിയർ സെക്യൂർഡ് ബോ് വഴിയാണ് ധനസമാഹരണം നടത്തിയത്. ബിസിനസ് വിപുലീകരണം ലക്ഷ്യമിട്ടാണ് ഈ നീക്കം. അടിസ്ഥാന തുകയുടെ ഏകദേശം 3.8 മടങ്ങു വരെയായിരുന്നു സബ്സ്ക്രിപ്ഷൻ. ലോകമെമ്പാടുമുള്ള നിക്ഷേപകർക്ക് മുത്തൂറ്റ് ഫിനാൻസിനോടുള്ള താൽപര്യമാണിതിലൂടെ കാണുന്നത്. അന്താരാഷ്ട്ര മൂലധന വിപണികളിലെ മുത്തൂറ്റ് ഫിനാൻസിനുള്ള സ്വാധീനം കൂടുതൽ ശക്തിപ്പെടുത്തുന്നത് കൂടിയാണീ നേട്ടം. മുത്തൂറ്റ് ഫിനാൻസിൽ ആഗോള നിക്ഷേപകർ അർപ്പിച്ചിട്ടുള്ള ശക്തമായ വിശ്വാസമാണ് ബോണ്ട്കളുടെ വിജയകരമായ വിതരണമെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാർ മുത്തൂറ്റ് പറഞ്ഞു.

# ബോയിംഗ് ഇന്ത്യ വിൽട്ടൺ വീവേഴ്സ് പങ്കാളിത്തം

**കൊച്ചി:** എയ്റോസ്പേസ് നിർമ്മാണ മേഖലയിലെ നൈപുണ്യമുള്ള തൊഴിൽശക്തി വികസിപ്പിക്കുന്നതിനായി ബോയിംഗ് ഇന്ത്യ വിൽട്ടൺ വീവേഴ്സുമായി കൈകോർത്തു. ബോയിംഗ് ഇന്ത്യയുടെ കൗശൽ സ്കില്ലിംഗ് സംരംഭവും വിൽട്ടൺ വീവേഴ്സിന്റെ അമേയ പ്രോഗ്രാമുമാണ് ഈ പങ്കാളിത്തത്തിലൂടെ ഒന്നിക്കുന്നത്. കാർപ്പറ്റ് നിർമാണത്തിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ വനിതകളെ, ആഗോള എയ്റോസ്പേസ് മാനദണ്ഡങ്ങൾ പാലിക്കുന്ന ഏവിയേഷൻ കാർപെറ്റ് നിർമ്മാണത്തിൽ നൈപുണ്യമുള്ളവരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ പരിശീലനം ലഭിച്ച ഭിന്നശേഷിക്കാരായ 15 സ്ത്രീകൾ വിൽട്ടൺ വീവേഴ്സിന്റെ വ്യോമയാന നിർമ്മാണ വിഭാഗത്തിൽ ജോലി ആരംഭിച്ചിട്ടുണ്ട്.

# ശരിയായ മൂല്യവ്യവസ്ഥകൾ പ്രാവർത്തികമാക്കണം




**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യ കൊച്ചി ചാപ്റ്ററിന്റെ നേതൃത്വത്തിൽ ദ്വിദിന കോർപറേറ്റ് ലോ ദേശീയ സെമിനാർ കലൂർ ഐ എം എ ഹാളിൽ ആരംഭിച്ചു. ഐ സി എ ഐ കോർപറേറ്റ് ലോ ആന്റ് കോർപറേറ്റ് ഗവേണൻസ് കമ്മിറ്റിയുമായി ചേർന്നാണ് സെമിനാർ സംഘടിപ്പിച്ചത്. സെബി മുൻ ചെയർമാൻ എം ദാമോദരൻ ഉദ്ഘാടനം ചെയ്തു. ശരിയായ മൂല്യവ്യവസ്ഥകൾ പ്രാവർത്തികമാക്കേണ്ട തൊഴിൽ മേഖലയാണ് ചാർട്ടേർഡ് അക്കൗണ്ടുമാരുടേതെന്ന് സെബി മുൻ ചെയർമാൻ എം ദാമോദരൻ പറഞ്ഞു.

കോർപറേറ്റ് ലോ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബിസിനസ് എന്നാൽ വിശ്വാസമാണെന്നാണ് ഗാന്ധിജി പറഞ്ഞത്. ലക്ഷ്യം മാർഗ്ഗങ്ങളെ ന്യായീകരിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഗാന്ധിജിയുടെ രണ്ട് പ്രസ്താവനകളും ചേർത്താൽ കോർപറേറ്റ് ഗവേണനൻസിന് ലഭിക്കാവുന്ന ഏറ്റവും മികച്ച് വ്യാഖ്യാനമായിരിക്കുമതെന്നും അദ്ദേഹം ചൂിക്കാട്ടി. എല്ലാ കാര്യങ്ങളും ശരിയായ രീതിയിൽ ചെയ്യണമെന്ന തത്വചിന്തയിൽ നിന്നാണ് ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കിയിരിക്കുന്നത്. വാഹനത്തിൽ സീറ്റ് ബെൽറ്റ് ധരിക്കുന്നത് അപകടങ്ങളുടെ തീവ്രത കുറക്കാനാണെങ്കിലും അത്തരം നിയമമില്ലായിരുന്നുവെങ്കിൽ ആരും അക്കാര്യം ചെയ്യുകയില്ലെന്നും എം ദാമോദരൻ ചൂണ്ടിക്കാട്ടി. നിയമം പാലിക്കുന്നതുകൊണ്ട് നല്ല പൗരന്മാരാണെന്ന് പലരും വിചാരിക്കുന്നുണ്ട്. എന്നാൽ നിയമം പാലിക്കുന്നത് മാത്രമല്ല ശരിയായ കാര്യങ്ങൾ കൂടി ചെയ്യേതുണ്ട്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നല്ല പൗരന്മരാകുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ഐ സി എ ഐ കോർപറേറ്റ് ലോ ആന്റ് കോർപറേറ്റ് ഗവേണനൻസ് കമ്മിറ്റി ചെയർമാൻ ബാബു അബ്രഹാം കള്ളിവയലിൽ, വൈസ് ചെയർപേഴ്സൺ പ്രീതി സവ്ല, എസ് ഐ ആർ സി സെക്രട്ടറി ദീപ വർഗ്ഗീസ്, അർപിത് കാപ്ര, എറണാകുളം ബ്രാഞ്ച് ചെയർമാൻ ആനന്ദ് എ എസ്, സെക്രട്ടറി രൂപേഷ് രാജഗോപാൽ എന്നിവർ പ്രസംഗിച്ചു. കോർപറേറ്റ് ലോയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ എ ഗോപാലകൃഷ്ണൻ, പി ആർ രമേഷ്, രാജ് മുല്ലിക്ക് എന്നിവർ സംസാരിച്ചു.

# ക്യാൻസർ ചികിത്സ; മഞ്ഞുമേൽ സെന്റ് ജോസഫ്സിൽ അത്യാധുനിക സംവിധാനങ്ങൾ



**കൊച്ചി:** ഓരോ രോഗിയുടെയും ക്യാൻസർ കോശങ്ങളുടെ ജൈവഘടന തിരിച്ചറിഞ്ഞുള്ള 'ട്യൂമർ ബേസ്ഡ് ബയോളജി' ചികിത്സാരീതിയിലൂടെ രോഗമുക്തി കൂടുതൽ സുഗമമാക്കാമെന്ന് പ്രശസ്ത ഓങ്കോളജിസ്റ്റ് ഡോ. തോമസ് വർഗീസ്. ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് മഞ്ഞുമേൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ അത്യാധുനിക മോഡുലാർ ഓപ്പറേഷൻ തിയേറ്റർ സമുച്ചയവും അഡ്വാൻസ്ഡ് കാർഡിയാക് കാത്ത് ലാബും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ട്രസ്റ്റ് ചെയർമാൻ റവ. ഡോ. അഗസ്റ്റിൻ മുല്ലൂർ ഒ.സി.ഡിയുടെ സാന്നിധ്യത്തിൽ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെട്രോപ്പൊളിറ്റൻ പുതിയ ചികിത്സാ വിഭാഗങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. 'ക്യാൻസറിനേക്കാൾ ശക്തർ' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ, രോഗികൾക്ക് വ്യക്തിഗത ചികിത്സാ രീതി ലഭ്യമാക്കുന്നതിൽ ആശുപത്രി മുൻഗണന നൽകുമെന്ന് അധികൃതർ വ്യക്തമാക്കി. സാക്ഷരതയിൽ മുന്നിലാണെങ്കിലും കേരളം 'ക്യാൻസർ തലസ്ഥാനമായി' മാറുന്നത് ഗൗരവകരമാണെന്ന് ഡോ. തോമസ് വർഗീസ് ചൂണ്ടിക്കാട്ടി. 'പഴയകാലത്തെ പൊതുവായ ശസ്ത്രക്രിയാ രീതികളിൽ നിന്ന് മാറി ട്യൂമറുകളുടെ തന്മാത്രാ ഘടന വിശകലനം ചെയ്തുള്ള നൂതന ചികിത്സയിലേക്കാണ് വൈദ്യശാസ്ത്രം മാറുന്നത്. കൃത്യതയാർന്ന ഇമ്മ്യൂണോതെറാപ്പി വഴി പാർശ്വഫലങ്ങൾ കുറയ്ക്കാനും ചികിത്സ കൂടുതൽ ഫലപ്രദമാക്കാനും സാധിക്കും,' അദ്ദേഹം പറഞ്ഞു. ചടങ്ങിൽ വെച്ച് അമേരിക്കയിലെ തോമസ് ജെഫേഴ്സൺ സർവ്വകലാശാലയുടെ മോളിക്യുലാർ ഓങ്കോളജി സർട്ടിഫിക്കേഷൻ ഡോ. തോമസ് വർഗീസിന് കൈമാറി.

അത്യാധുനിക ഇമ്മ്യൂണോതെറാപ്പി ചികിത്സകൾ നൽകാനുള്ള അന്താരാഷ്ട്ര അംഗീകാരമാണിത്. സ്ത്രീകളിലെ ക്യാൻസർ പരിശോധനകളെക്കുറിച്ച് ഡോ. ഷിജിനി തോമസും, ഭക്ഷണത്തിലെ മായം വരുത്തുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ഡി.വൈ.എസ്.പി ഡോ. ആർ. ജോസും ക്ലാസുകളെടുത്തു. എറണാകുളം ജില്ലയിലെ സാധാരണക്കാർക്കും കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

ഐ.എം.എ എറണാകുളം പ്രസിഡന്റ് ഡോ. അതുൽ ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. എം.എൻ. വെങ്കിടേശ്വരൻ, ഫാ. ജിൻസൺ റോഡ്രിഗസ്, ഫാ. ലാൽജു പൊളപറമ്പിൽ, ഫാ. അനു പ്രതാപ് തുടങ്ങിയവർ സംബന്ധിച്ചു. ഉദ്ഘാടനത്തിന് ശേഷം സിനിമാ താരം നയന എൽസ, ഗായിക ഭദ്ര രജിൻ എന്നിവരുടെ നേതൃത്വത്തിൽ ശാരീരികക്ഷമത ഉറപ്പാക്കുന്നതിനുള്ള 'സൂംബ' സെഷനും നടന്നു.


# എംഎസ്എംഇകൾക്ക് കൂടുതൽ കണക്റ്റഡ് കഴിവുകൾ: ടാലി പ്രൈം 7.0 പുറത്തിറക്കി




**കൊച്ചി:** എംഎസ്എംഇകളുടെ ഡിജിറ്റൽവൽക്കരണം ലളിതവും കാര്യക്ഷമവുമാക്കുന്നതിനായി ടാലി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ടാലി പ്രൈം പ്ലാറ്റ്ഫോമിന്റെ പുതിയ പതിപ്പായ ടാലി പ്രൈം റിലീസ് 7.0 പുറത്തിറക്കി. പ്ലാറ്റ്ഫോമിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ചാണ് പ്രഖ്യാപനം. മെച്ചപ്പെട്ട ഓട്ടോമേഷൻ, ശക്തമായ ഡാറ്റ സംരക്ഷണം, എസ്ബിഐയും ആക്സിസ് ബാങ്കുമായുള്ള ആഴത്തിലുള്ള സംയോജനം എന്നിവയാണ് റിലീസ് 7.0ന്റെ പ്രധാന സവിശേഷതകൾ. ബാങ്കിംഗ് ഇടപാടുകൾ, ബാലൻസ് പരിശോധന, സ്റ്റേറ്റ്മെന്റ് ആക്സസ്, തൽക്ഷണ അനുരഞ്ജനം തുടങ്ങിയവ ടാലിപ്രൈമിനുള്ളിൽ തന്നെ നടത്താൻ എംഎസ്എംഇകൾക്ക് ഇതിലൂടെ കഴിയും.

എൻപിസിഐ ഭാരത് ബിൽപേ ലിമിറ്റഡുമായി ചേർന്ന് വികസിപ്പിച്ച ഭാരത് കണക്റ്റ് ഫോർ ബിസിനസ് വഴി ഇൻവോയ്സ് എക്സ്ചേഞ്ചും പേയ്മെന്റ് ലിങ്കേജും കൂടുതൽ ഓട്ടോമേറ്റഡ് ആക്കുന്നു. ഇതോടെ വാങ്ങൽ-വിൽപ്പന നടപടികളിലെ മാനുവൽ പരിശ്രമം കുറയുകയും കൃത്യത മെച്ചപ്പെടുകയും ചെയ്യും. അപ്ഗ്രേഡ് ചെയ്ത എൻക്രിപ്ഷനും ശക്തമായ സുരക്ഷാ സംവിധാനങ്ങളുമായി മെച്ചപ്പെടുത്തിയ ടാലിഡ്രൈവ് അനുഭവവും പുതിയ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡാറ്റ ബിസിനസിന്റെ നിയന്ത്രണത്തിൽ തന്നെ സുരക്ഷിതമായി നിലനിർത്തുന്ന സമീപനമാണ് ടാലി പിന്തുടരുന്നത്. ടാലി പ്രൈം റിലീസ് 7.0ലൂടെ, എംഎസ്എംഇകൾക്ക് കൂടുതൽ സുതാര്യതയോടെയും ആത്മവിശ്വാസത്തോടെയും ഇന്ത്യയുടെ ഡിജിറ്റൽ ആവാസവ്യവസ്ഥയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന് കമ്പനി അറിയിച്ചു. സജീവ ലൈസൻസുള്ള എല്ലാ ടാലിപ്രൈം ഉപഭോക്താക്കൾക്കും അപ്ഡേറ്റ് ലഭ്യമാകും.

## ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയ്ക്ക് പുതിയ വൈസ് ചാൻസിലർ



**കൊച്ചി:** ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ പുതിയ വൈസ് ചാൻസിലറായി പ്രൊഫ. മനോജ് കുമാർ അറോറ ചുമതലയേറ്റു. മൂന്നരപ്പതിറ്റാണ്ടിലേറെയായി രാജ്യത്തും വിദേശത്തും വിദ്യാഭ്യാസ മേഖലയിൽ തന്റേതായ വ്യക്തിമുദ്രപതിപ്പിച്ച വ്യക്തിയാണ് പ്രൊഫ. മനോജ് കുമാർ അറോറ. പഞ്ചാബിൽ കുടുംബവേരുകളുള്ള അദ്ദേഹം നിലവിൽ ഹൈദരാബാദിലാണ് സ്ഥിരതാമസം. അധ്യാപകനായും ഗവേഷകനായും പ്രവർത്തിച്ച അദ്ദേഹം വിവിധ സർവകലാശാലകളുടെ വൈസ് ചാൻസിലർ പദവി ഉൾപ്പെടെ വഹിച്ച അനുഭവ സമ്പത്തുമായാണ് ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലേയ്ക്ക് എത്തുന്നത്. ജിയോസ്പേഷ്യൽ ടെക്നോളജി, റിമോട്ട് സെൻസിംഗ്, ജിഐഎസ്, എന്നിവയിൽ രാജ്യാന്തര തലത്തിൽ അറിയപ്പെടുന്ന ഗവേഷകനാണ് പ്രൊഫ. അറോറ.

## താൽപ്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** കടമ്പ്രയാറിലെ പോളയും മറ്റ് ജലസസ്യങ്ങളും നീക്കം ചെയ്യുന്നതിനായി അക്വാട്ടിക് വീഡ് ഹാർവെസ്റ്റർ, പൾപ്പർ, ഷ്രെഡർ, ഡ്രയർ, ഡീവാട്ടറിങ് സിസ്റ്റം എന്നിവ ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ ഭരണകൂടം താൽപ്പര്യപത്രം ക്ഷണിച്ചു. മേഖലയിൽ പ്രവൃത്തിപരിചയമുള്ള അംഗീകൃത സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ eeidernakulam2@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക. ഫെബ്രുവരി 10നകം അപേക്ഷ സമർപ്പിക്കണം.

## ഗവൺമെന്റ് എം.ബി.എ കോളേജിൽ അഡ്മിഷൻ

**കൊച്ചി:** കേരള സർവ്വകലാശാലയുടെയും എ.ഐ.സി.ടി.ഇ യുടെയും അംഗീകാരത്തോടെ ആലപ്പുഴ ജില്ലയിലെ പുന്നപ്ര അക്ഷരനഗരി കേപ്പ് ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി (ഐ.എം.ടി) 2026-2028 ബാച്ചിലേക്കുള്ള ഫുൾ ടൈം എം.ബി.എ പ്രോഗ്രാമിലേക്ക് അഡ്മിഷൻ ആരംഭിച്ചു. 50 ശതമാനം മാർക്കോടെ ബിരുദം നേടിയവർക്കും, അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. ഫിഷറീസ് വിഭാഗക്കാർക്കും ഒ.ബി.സി വിദ്യാർത്ഥികൾക്കും മാർക്കിളവും സ്കോളർഷിപ്പും ലഭിക്കുന്നതാണ്.

# അന്താരാഷ്ട്ര അണ്ടർവാട്ടർ റോബോട്ടിക്സ് ചലഞ്ച് : ഫൈനലിനായി മലയാളി വിദ്യാർഥികൾ ചൈനയിലേക്ക്




**കൊച്ചി:** രാജ്യാന്തര സിംഗപ്പൂർ ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിൾ ചലഞ്ചിന്റെ ഫൈനൽ റൗിലേക്ക് യോഗ്യത നേടി മലയാളി വിദ്യാർഥികൾ. എറണാകുളം ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ എട്ടംഗ എൻജിനീയറിങ് വിദ്യാർഥി സംഘമാണ് ചൈനയിൽ നടക്കുന്ന മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. തുടർച്ചയായ രാം വർഷമാണ് ചിന്മയ വിശ്വവിദ്യാപീഠം ഈ മത്സരത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. സർവകലാശാലയിൽ പ്രവർത്തിക്കുന്ന ഓഷ്യാനിക് എഐ റിസർച്ച് സെന്ററിന്റെ നേതൃത്വത്തിലാണ് ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

ബിടെക്ക് കംപ്യൂട്ടർ സയൻസ് മൂന്നാം വർഷ വിദ്യാർഥിയായ കൃഷ്ണ കെ നയിക്കുന്ന സംഘത്തിൽ കംപ്യൂട്ടർ സയൻസ് രാം വർഷ വിദ്യാർഥികളായ അഞ്ജന പ്രകാശ്, അനുജ എസ്.നായർ, ജയലക്ഷ്മി വി.പി, ബി.ടെക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിങ് രാം വിദ്യാർഥികളായ ദൈവിക് പ്രശീൻ, നിരഞ്ജന ഉദയ്, നന്ദന ശങ്കർ, ബിസിഎ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോർട്ടിക്സ് രാം വർഷ വിദ്യാർഥിയായ മുഹമ്മദ് റൈയൻ നജീം എന്നിവരും ഉൾപ്പെടുന്നു. സർവകലാശാലയുടെ അസിസ്റ്റന്റ് ഡീൻ ആയ ഡോ. അനുപമ ജിംസാണ് വിദ്യാർഥികൾക്ക് മാർഗനിർദ്ദേശം നൽകുന്നത്. മേയ് 28 മുതൽ 31 വരെ ചൈനയിലെ സാന്യ സ്പോർട്സ് പാർക്കിൽ നടക്കുന്ന ഫൈനൽ റൗണ്ടിനായുള്ള തയ്യാറെടുപ്പിലാണ് വിദ്യാർഥികൾ. 20 രാജ്യങ്ങളിൽ നിന്നുള്ള 126 എൻട്രികളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 52 ടീമുകളായിരിക്കും ഫൈനലിൽ മത്സരിക്കുക. സമുദ്രത്തിനടിയിൽ സങ്കീർണ്ണമായ ദൗത്യങ്ങൾ നിർവഹിക്കാൻ ശേഷിയുള്ള എ.യു.വി. (ഓട്ടോണമസ് അർവാട്ടർ വെഹിക്കിൾ) റോബോട്ടുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്ന രീതിയിലാണ് ഈ അന്താരാഷ്ട്ര ടൂർണമെന്റ് ക്രമീകരിച്ചിരിക്കുന്നത്. സിംഗപ്പൂരിലെ ഐ.ഇ.ഇ.ഇ ഓഷ്യാനിക് എൻജിനീയറിങ് സൊസൈറ്റിയും സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയും സംയുക്തമായാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്.

സമുദ്രത്തിലേതുപോലെ സമാനമായ സാഹചര്യത്തിൽ സ്വിമ്മിങ് പൂളിൽ സജ്ജീകരിച്ചിട്ടുള്ള പ്രത്യേക ട്രാക്കിൽ നാല് പ്രധാന ദൗത്യങ്ങളാണ് വിദ്യാർഥികൾ നിർമിച്ച റോബോട്ട് പൂർത്തിയാക്കേണ്ടത്. കടലാഴങ്ങളിൽ നേരിടേണ്ടിവരുന്ന നാവിഗേഷൻ, വിഷ്വൽ ഐഡന്റിഫിക്കേഷൻ, അക്കോസ്റ്റിക് ലോക്കലൈസേഷൻ, റോബോട്ടിക് മാനിപുലേഷൻ എന്നീ നാല് വെല്ലുവിളികളെ അടിസ്ഥാനമാക്കിയാണ് ദൗത്യങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിലെ കൃത്യതയും വേഗതയും കണക്കാക്കിയായിരിക്കും വിജയികളെ നിശ്ചയിക്കുക.

# ജിടെക് മാരത്തോൺ ഫെബ്രുവരി 15 ന്




**കൊച്ചി:** ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് ഫെബ്രുവരി 15 ന് നടക്കുന്ന ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) മാരത്തോണിൽ പതിനായിരത്തിലധികം പേർ പങ്കെടുക്കും. മൂവായിരത്തോളം വനിതകളുൾപ്പെടെയുള്ളവരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. പ്രായം, പ്രദേശം, ലിംഗഭേദം, കായികക്ഷമത എന്നിവ പരിഗണിക്കാതെ സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് സംഘടിപ്പിക്കുന്നത്.

പ്രമുഖ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ, ഐടി പ്രൊഫഷണലുകൾ, കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാർ, പ്രതിരോധ സേനാംഗങ്ങൾ, കോർപ്പറേറ്റ് ജീവനക്കാർ എന്നിവർ ഇതിനകം തന്നെ മാരത്തണിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി എന്നീ ഐടി ഹബ്ബുകൾ കേന്ദ്രീകരിച്ച് വർഷം തോറും മാറിമാറി സംഘടിപ്പിക്കപ്പെടുന്ന ഈ മാരത്തോൺ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നീ ഐടി പാർക്കുകൾക്ക് ചുറ്റുമുള്ള റൂട്ടുകളിലൂടെയാണ് നടക്കുക. 'നോ ടു ഡ്രഗ്സ് യെസ് ടു ഫിറ്റ്നസ്' എന്നതാണ് എന്നതാണ് ഈ വർഷത്തെ മാരത്തോണിന്റെ പ്രമേയം. കേരളത്തിലെ യുവാക്കൾക്കിടയിൽ വ്യാപകമായ ലഹരി ഉപയോഗത്തെക്കുറിച്ചും അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം.

കേരളത്തെ ലഹരിമുക്തമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കാൻ സംസ്ഥാനത്തെ ഒന്നര ലക്ഷത്തിലധികം ഐടി പ്രൊഫഷണലുകൾ ഒന്നിക്കുന്ന വേദിയാണിതെന്ന് ജിടെക് ചെയർമാൻ വി.കെ. മാത്യൂസ് പറഞ്ഞു. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി ഹാഫ് മാരത്തൺ (21 കി.മീ), 10 കി.മീ റൺ, ഫൺ റൺ (3 കി.മീ) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ നടക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അശോക സ്കൂൾ സന്ദർശിച്ച് സ്വീഡിഷ് അധ്യാപകർ



**കൊച്ചി:** കേരളത്തിലെ വിദ്യാഭ്യാസ രീതികളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ കൊച്ചിയിലെ എളമക്കരയിലെ അശോക വേൾഡ് സ്കൂളിൽ സ്വീഡിഷ് അധ്യാപക സംഘം സന്ദർശനം നടത്തി. അധ്യാപകരായ മത്തിയാസ് വിചാൻ വിക്സ്ട്രോം, നിൽസ് സ്റ്റാഫൻ എറിക്സൺ, അധ്യാപികമാരായ ആയ അമീൻ, ആഞ്ചല ഡിസയർ സിംഗ് ടെഡ്ബോൺ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

സന്ദർശകർ സ്വീഡിഷ് ടീച്ചേഴ്സ് യൂണിയൻ സംഘടനയിൽ അംഗങ്ങളായ അധ്യാപകരാണ്. ഇന്ത്യയിലെ, വിശേഷിച്ചും കേരളത്തിലെ വിദ്യാഭ്യാസ രീതി മികച്ചതാണെന്ന വിലയിരുത്തലിനെ തുടർന്നാണ് അവർ കേരളത്തിലെത്തിയത്. സന്ദർശനത്തിനിടെ അധ്യാപകർ വിവിധ ക്ലാസ്സുകൾ നിരീക്ഷിക്കുകയും കുട്ടികളുമായി നേരിട്ട് സംവദിക്കുകയും ചെയ്തു. പഠനാന്തരീക്ഷം, വിദ്യാർത്ഥികളുടെ പങ്കാളിത്തം, അധ്യാപന രീതികൾ എന്നിവയെക്കുറിച്ച് അവർ വിലയിരുത്തി.

തുടർന്ന് അശോക സ്കൂളിലെ അധ്യാപകരുമായി നടത്തിയ കൂടിക്കാഴ്ചയിൽ സ്വീഡനിലെയും ഇന്ത്യയിലെയും അധ്യാപന രീതികളിലെ വ്യത്യാസങ്ങൾ, അധ്യാപകർ നേരിടുന്ന വെല്ലുവിളികൾ, ക്ലാസ്റൂം മാനേജ്മെന്റ്, വിദ്യാർത്ഥികളുടെ പഠനശൈലികൾ തുടങ്ങിയ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്തു.

# വളർച്ച പ്രതീക്ഷിച്ച് ഗോദ്റെജിന്റെ സെക്യൂരിറ്റി സൊലൂഷൻസ് ബിസിനസ്

**കൊച്ചി:** ഇത്തവണത്തെ വിവാഹ സീസണിൽ തങ്ങളുടെ ഹോം ലോക്കർ ബിസിനസിൽ 20 ശതമാനം വളർച്ച പ്രതീക്ഷിക്കുന്നതായി ഗോദ്റെജ് എന്റർ പ്രൈസസിന്റെ സെക്യൂരിറ്റി സൊലൂഷൻസ് ബിസിനസ് വ്യക്തമാക്കി. സുരക്ഷിതവും ദീർഘകാലം നിലനിൽക്കുന്നതുമായ സമ്മാനങ്ങളുടെ കാര്യത്തിൽ ഉയർന്നു വരുന്ന ഉപഭോക്തൃ താൽപര്യങ്ങളാണ് വിവാഹ സീസണിനൊപ്പം ഡിമാൻഡ് ഉയർത്തുന്നത്. വീടുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട ഉപഭോഗങ്ങളുടെ കാര്യത്തിൽ വിവാഹ സീസൺ ഏറെ നിർണായകമാണ്. സ്വർണത്തിലും ജുവല്ലറികളിലുമുള്ള വർധിച്ചു വരുന്ന നിക്ഷേപം, സുപ്രധാന രേഖകൾ തുടങ്ങിയവയും ഡിമാൻഡ് വർധിക്കാൻ വഴിയൊരുക്കുന്നുണ്ട്. ഉപഭോക്തൃ താൽപര്യങ്ങളിലെ ഈ മാറ്റങ്ങൾക്ക് ഒപ്പം ഗോദ്റെജിന്റെ സെക്യൂരിറ്റി സൊലൂഷൻസ് സാധാരണ കപ്ബോർഡുകളേക്കാൾ കൂടുതൽ ശക്തമായ ഹോം ലോക്കറുകളുടെ വിപുലമായ ശ്രേണിയും അവതരിപ്പിക്കുന്നുണ്ട്. വിവാഹ സീസൺ തങ്ങളെ സംബന്ധിച്ച് ഇപ്പോൾ തന്ത്രപരമായി കൂടുതൽ പ്രധാനപ്പെട്ട കാലമാണെന്ന് ഗോദ്റെജ് എന്റർ പ്രൈസസ് ഗ്രൂപ്പിന്റെ സെക്യൂരിറ്റി സൊലൂഷൻസ് വിഭാഗം മേധാവി പുഷ്കർ ഗോഖലെ പറഞ്ഞു. വിവാഹ സീസണിൽ കുടുംബങ്ങൾ സ്വർണത്തിലും മറ്റു മൂല്യമുള്ള വസ്തുക്കളിലും കൂടുതലായി നിക്ഷേപിക്കുന്നതിനാൽ സുരക്ഷിതമായ സൂക്ഷിക്കാനുള്ള സൗകര്യം ഈ വാങ്ങലുകളുടെ അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ദേവരാജൻ മാസ്റ്ററുടെ സ്മരണയിൽ സംഗീത വിരുന്നൊരുക്കി ഡോക്ടർ ഗോപിക



**കൊച്ചി:** സംഗീത സംവിധായകൻ ജി. ദേവരാജൻ മാസ്റ്ററുടെ ഓർമ്മയിൽ സംഗീത സന്ധ്യ ഒരുക്കി ശ്രദ്ധയാകർഷിച്ചിരിക്കുകയാണ് തൃപ്പൂണിത്തുറ സ്വദേശിനിയായ ഡോക്ടർ ഗോപിക. ദേവരാജൻ മാസ്റ്റർ ഫൗണ്ടേഷന്റെ (ദേവദാരു) ആഭിമുഖ്യത്തിൽ എറണാകുളം ചങ്ങമ്പുഴ പാർക്കിൽ ആണ് ഗാനസന്ധ്യ നടന്നത്. 'സുന്ദര സ്വപ്നമേ നീ എനിയ്ക്കേകിയ, ചന്ദ്രകളഭം ചാർത്തി ഉറങ്ങും' തുടങ്ങിയ ദേവരാജൻ മാസ്റ്ററിന്റെ ഗാനങ്ങൾ ആസ്വാദകരുടെ മനം കവർന്നു..... കളിവീടുറങ്ങിയല്ലോ, നീലരാവിൽ ഇന്നു നിന്റെ, പനിവിഴും മലർവനം, ഓർക്കുക വല്ലപ്പോഴും തുടങ്ങിയ മറ്റ് ഗാനങ്ങൾക്ക് പുറമേ, ലതാ മങ്കേഷ്ക്കറിന്റെയും ജഗ്ജിത് സിംഗിന്റെയും ഉമ്പായിയുടെ ഗാനങ്ങളും ഗോപിക ആലപിച്ചു.

കർണാടക സംഗീതവും ഹിന്ദുസ്ഥാനിയും ഗസലുമെല്ലാം തന്റേതായ രീതിയിലാണ് ഗോപിക സദസ്സിൽ അവതരിപ്പിച്ചത്.... ഗാനസന്ധ്യയോട് അനുബന്ധിച്ച് സംവിധായകൻ ജയരാജിനെ ചടങ്ങിൽ ആദരിച്ചു. ദേവരാജൻ മാസ്റ്ററുമായി സിനിമ ചെയ്യാൻ കഴിയാതെ പോയത് തന്റെ ജീവിതത്തിലെ തീരാനഷ്ടമാണെന്ന് ജയരാജ് പറഞ്ഞു. ജയരാജ് സംവിധാനം ചെയ്ത രൗദ്രം 2018, ബാക്ക്പാക്കേഴ്സ് എന്നീ സിനിമകളിലും ഗോപിക ഇതിനോടകം പാടിയിട്ടുണ്ട്. കുസാറ്റിലെ മുൻ അസിസ്റ്റന്റ് രജിസ്ട്രാർ ബിനി ഗോപിനാഥിന്റെയും റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥനായ ടി.പി ഷാജിയുടെയും മകളാണ് ഗോപിക. റോയിറ്റേഴ്സിൽ മൾട്ടിമീഡിയ ന്യൂസ് പ്രൊഡ്യൂസറായ നന്ദിനി സഹോദരിയാണ്.

കർണ്ണാടകയിലെ ഗുൽഭർഗ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്ന് എംബിബിഎസ്സ് പൂർത്തിയാക്കിയ ഗോപിക ഇപ്പോൾ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രാക്ടീസ് ചെയ്ത് വരികയാണ്.

ദേവരാജൻ മാസ്റ്റർ ഫൗണ്ടേഷൻ പ്രസിഡന്റ് എ.കെ. താജുദ്ദീൻ, സെക്രട്ടറി സി.ബി. ഹരി, രക്ഷാധികാരി ഡോക്ടർ വിനയകുമാർ, ഗസൽ ഗായകനും ദേവരാജൻ മാസ്റ്ററിന്റെ ശിഷ്യനുമായ സി.കെ.സാദിഖ്, ഇടപ്പള്ളി സംഗീത സദസ്സിന്റെ സെക്രട്ടറി പി.ആർ. നായർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു

